DESPATCHED On..18/06/2020



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.168(2)/2019/എസ്.ഐ.സി**
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.1487/എസ്.ഐ.സി-ജി 6/19

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

കുമാരി. അഷിക മോഹൻ ദാസ്
പൊരുവേലിഹൗസ്
പൊരുവേലി റോഡ്
അയ്യപ്പൻകാവ്
കൊച്ചി-18
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ, അസി.എക്സിക്യൂട്ടീവ് എൻജിനീയർ കൊച്ചി നഗരസഭ(പച്ചാളം)
2. അപ്പീൽ അധികാരി ആന്റ് എക്സീക്യൂട്ടീവ് എഞ്ചിനീയർ കൊച്ചി നഗരസഭ

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 21.07.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 15.09.2018 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 16.10.2018 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 28.01.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 31.01.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 17.02.2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 27.02.2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 02.03.2020, ബാങ്കറ്റ് ഹാൾ ഗസ്റ്റ് ഹൗസ് എറണാകുളം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷയ്ക്കും അപ്പീലധികാരി നിർദ്ദേശം നൽകി യിട്ടും മറുപടി നൽകിയില്ലെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരി 21.07.2018–ാം തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ എറണാകുളം വില്ലേ ജിൽപെട്ടതും നിലവിലെ 69–ാം ഡിവിഷനിൽ സർവ്വേനം.60/2 ഭൂമിയിൽ എം. ഒ.പി7/352/96, 20.10.96 പ്രകാരം പി.എൻ ജോയ് എന്നയാൾക്ക് നിർമ്മാണ അനുമതി നൽകിയ 43/584 (പഴയനമ്പർ) കെട്ടിടം സംബന്ധിച്ച് വിവരം ലഭിക്കുന്നതിലേയ്ക്കായി ഇനം 1 ൽ 43/584 കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറിന് ആരുടെ ഉടമസ്ഥതയിലുള്ള ഭൂമി യിൽ ആണ് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയതെന്നും, ഇനം 2 ൽ ഗ്രൗണ്ട് ഫ്ളോർ നിർമ്മാണത്തിന് നഗരസഭയ്ക്ക് സമർപ്പിച്ച ലൊക്കേഷൻസ്കെച്ച് എന്നിവയുടെ കോപ്പി വിവരാവകാശനിയമം അനുസരിച്ച് സാക്ഷ്യപ്പെടുത്തി നൽകണമെന്നും തുടങ്ങി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്. ആയതിന് എസ്.പി.ഐ.ഒ മറുപടി നൽകിയില്ല

3. മേൽപ്പടി അപേക്ഷയ്ക്ക് മറുപടി നൽകിയില്ലെന്നു കാണിച്ച് ഹർജിക്കാരി 15.09.2018 ന് അപ്പീൽ നൽകുകയും ആയതിന് 16.10.2018 ന് അപ്പീലധികാരി മറുപടി നൽകുകയും ചെയ്തു. ആയതിൽ വളരെ പഴക്കമുള്ള രേഖകളാണ് ഹർജിക്കാരി ആവശ്യപ്പെട്ടിരിക്കു ന്നതെന്നും ഫയൽ കണ്ടെത്തി ആവശ്യപ്പെട്ട രേഖകൾ സൗജന്യമായി ടി ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം കക്ഷിക്ക് നൽകുന്നതിനും, മറുപടി നൽകിയ ശേഷം അപ്പീ ലധികാരിയെ അറിയിക്കുന്നതിനും എസ്.പി.ഐ.ഒയെ ചുമതലപ്പെടുത്തി അപ്പീൽ തീർപ്പാ ക്കി.

4. 22.07.2019 ന് സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരി ആവശ്യപ്പെട്ട രേഖകൾ നൽകുന്നതി നായി ടി ഓഫീസിലെ എം ഒ പി വിഭാഗത്തിലും, വൈറ്റില മേഖല ഓഫീസിലും കുറിപ്പ് നൽകി അന്വേഷിച്ചുവെങ്കിലും കണ്ടെത്താനായില്ലെന്നുമാണ് ബോധിപ്പിച്ചിരിക്കുന്നത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും ഹർജിക്കാരി നൽകിയ അപേക്ഷയ്ക്ക് മറുപടി നൽകിയതായി കാണുന്നി ല്ലെന്ന് വീക്ഷിച്ച കമ്മീഷൻ ആയതു വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം ശിക്ഷാർഹവുമാണെന്ന് വിലയിരുത്തുകയും ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു

പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിതസമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. പ്രഥമദൃഷ്ടിയാൽ എതിർകക്ഷി കുറ്റക്കാരനാണെന്ന് കമ്മീഷൻ കാണുന്നു. ആയതിനാൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 മേയ് 12-ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

res

DESPATCHED
On...27/2/23.


# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

**തിരുവനന്തപുരം 695 001**

**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**

**E-mail: sic.ker@nic.in**


**A.P.168(2)/2019/SIC തീർപ്പു കൽപിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No.1487/SIC-G6/2019**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| കുമാരി അഷിക മോഹൻ ദാസ്,<br>പൊരുവേലിഹൗസ്,<br>പൊരുവേലി റോഡ്,<br>അയ്യപ്പൻകാവ്, കൊച്ചി-18 | അപ്പീൽ ഹർജിക്കാരൻ |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>കൊച്ചി നഗരസഭ (പച്ചാളം),<br><br>2. അപ്പീൽ അധികാരി &<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>കൊച്ചി നഗരസഭ | എതിർകക്ഷികൾ |

**അന്തിമ ഉത്തരവ്**

മേൽ അപ്പീൽ ഹർജിയിലെ കമ്മീഷന്റെ 2020 മെയ് മാസം 12-ാം തീയതിയിലെ ഉത്തരവ് പ്രകാരം പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ വിശദീകരണം പരിഗണിച്ച് ഈ അപ്പീൽ ഹർജിയിൽ തുടർനടപടികൾ അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം 2023 ഫെബ്രുവരി മാസം 16 -ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

RIGHT TO INFORMATION

dp